# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1638** **3.10.2011 ന് മറുപടിയ്ക്ക്**

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ -ജീവൻ രക്ഷാ മരുന്നുകളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.റ്റി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൂടുതൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ച് മരുന്നു വിതരണത്തിലെ ചൂഷണം തടയുവാൻ സന്നദ്ധമാകുമോ ; | (എ) നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി)ജില്ലകൾ കേന്ദ്രീകരിച്ച് ജീവൻ രക്ഷാമരുന്നുകളും അനുബന്ധ സാധനങ്ങളും യഥേഷ്ടം ശേഖരിച്ച് വില കുറച്ച് ലഭ്യമാക്കുവാൻ പ്രത്യേക പദ്ധതിക്ക് രൂപം നൽകുവാൻ തയ്യാറാകുമോ ? | (ബി) സപ്ലൈകോയുടെ 5 റീജിയണൽ മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകൾ മുഖേന മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നതിനാവശ്യമായ മരുന്നുകൾ ഔഷധ കമ്പനികളിൽ നിന്ന് നേരിട്ടോ അംഗീകൃത ഏജൻസികളിൽ നിന്നോ വാങ്ങി വിതരണം നടത്തി വരുന്നു. ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ഗുണനിലവാരമുള്ള മരുന്നുകൾ 10% മുതൽ 43% വരെ വിലക്കുറവിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി ലഭ്യമാക്കുന്നുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ആവശ്യകതയനുസരിച്ച് മരുന്നുകൾ പ്രാദേശികമായി വാങ്ങിയും ഉപഭോക്താവിനു നൽകുന്നു. ജീവൻ രക്ഷാ മരുന്നുകൾ 25% വരെ വിലക്കുറവിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ വഴി ലഭ്യമാക്കുന്നു. ഏതെങ്കിലും കാരണവശാൽ ഉപഭോക്താവ് ആവശ്യപ്പെടുന്ന സമയത്ത് മരുന്ന് ലഭ്യമല്ലെങ്കിൽ രോഗിയുടെ പേരും വിലാസവും മരുന്നിന്റെ പേരും കുറിച്ചുവച്ച് 24 മണിക്കൂറിനുള്ളിൽ മരുന്ന് ലഭ്യമാക്കി |

ആവശ്യക്കാരനെ അറിയിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. മെഡിക്കൽ സ്റ്റോറുകളിലെ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ഒരു സ്ഥിരം മോണിറ്ററിംഗ് സംവിധാനവും മരുന്നുവിപണനം കൂടുതൽ സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവു മാക്കുവാനാവശ്യമായ മെഡിക്കൽ ഹോൾ സെയിൽ ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റവും അത്യാധുനിക സോഫ്റ്റ് വെയർ സിസ്റ്റവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ